# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.980** **09.08.2017 ൽ മറുപടിയ്ക്ക്**

## മദ്യവർജ്ജന ബോധവൽക്കരണ പരിപാടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മദ്യവർജ്ജന ബോധവൽക്കരണ പരിപാടി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br>2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്<br>ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഷയത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമാണ്; | (ബി) | ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി സ്കൂൾ/ കോളേജുകളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തിരം,വിവിധ പരിപാടികൾ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും അട്ടപ്പാടി പ്രോജക്റ്റിന്റെ ഭാഗമായി കോട്ടത്തറ ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. |
| (സി) | സ്കൂൾ, കോളേജ് തുടങ്ങിയവ കേന്ദ്രീകരിച്ച് സ്ഥിരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു.<br>സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം വൈവിധ്യമാർന്ന ബോധവത്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിനുള്ളിൽ പുകയില ഉല്പന്നങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. പേരോ മറ്റ് വിവരങ്ങളോ |

| | | | |
|---|---|---|---|
| | | | വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ വിൽപ്പന/ ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വില്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>എല്ലാവർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ/കോളേജ് തലത്തിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബിനും, ക്ലബ്ബ് അംഗത്തിനും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകി വരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സൃഷ്ടികൾ ഉൾപ്പെടുത്തിയ കൈയ്യെഴുത്ത് മാസികയ്ക്ക് അവാർഡ് നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**